**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4347** **09-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേയർ (ഗ്രേഡ് II) തസ്തികയിലേക്ക് കാറ്റഗറി നമ്പർ 415/2015 ആയി നടന്ന പരീക്ഷ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വേയർ (ഗ്രേഡ് II) തസ്തികയിലേക്ക് കാറ്റഗറി നമ്പർ 415/2015 ആയി നടന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത്; റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കാമോ; | (എ) | സർവ്വേയർ ഗ്രേഡ്-2 (കാറ്റഗറി നമ്പർ 415/2015 ) തസ്തികയുടെ റാങ്ക് ലിസ്റ്റ് 02/05/2018 ന് നിലവിൽ വന്നു. നാളിതുവരെ 465 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |
| (ബി) | വകുപ്പിലെ തുടർച്ചാനുമതി എന്ന സാങ്കേതിക പ്രശ്നം മൂലം റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഒരു വർഷത്തോളം നിയമനങ്ങൾ നടക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ൽ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം സർവ്വെയും ഭൂരേഖയും വകുപ്പിൽ 635 സർവ്വെയർ തസ്തികകളുൾപ്പെടെ 942 തസ്തികകൾക്ക് തുടർച്ചാനുമതി നൽകുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് 25/10/2019 ലെ സ.ഉ.(സാധാ)2979/2019/റവ ഉത്തരവ് പ്രകാരം വകുപ്പിലെ ടി 942 തസ്തികകളുൾപ്പെടെ ആകെ 2999 താത്കാലിക തസ്തികകൾക്ക് 01/10/2019 മുതൽ 30/09/2020 വരെ തുടർച്ചാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത കാലയളവിലെ 90 ഒഴിവുകൾ ഉൾപ്പെടെ കേരള പി.എസ്.സി യ്ക്ക് 16/11/2019 തീയതിയിൽ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്നു സ്ഥാനക്കയറ്റം മുഖേന ഉണ്ടായ 11 സർവേയർ ഒഴിവുകൾ 22.7.2021ലും, 8 ഒഴിവുകൾ 27.7.2021ലും, 31.7.2021ലെ സ.ഉ (കൈ)നം.142/2021/റവ ഉത്തരവ് പ്രകാരം ഡ്രാഫ്റ്റ്സ്മാൻ തസ്തികൾ സർവേയർ തസ്തികകളാക്കി മാറ്റിയത് മുഖേനയുണ്ടായ 110 ഒഴിവുകൾ 01.08.2021നും, തുടർന്ന് വകുപ്പിലുണ്ടായ രണ്ടു ഒഴിവുകൾ 03.08.2021 നും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. അതോടൊപ്പം KAT ന്റെ അന്തിമ വിധിക്കു വിധേയമായി 194 ഒഴിവുകൾ താത്കാലികമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു. മേൽ പരാമർശിച്ച 465നു പുറമേ സർവേയർ തസ്തികയുടെ 325 ഒഴിവുകൾ കൂടി റാങ്ക് ലിസ്റ്റിന്റെ കാലാപരിധിക്കുള്ളിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. ഇതിനു മുമ്പ് അപേക്ഷ ക്ഷണിച്ചത് ഏത് വർഷമാണ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് എന്നാണെന്നും കാലാവധി അവസാനിച്ചത് എന്നാണെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത തസ്തികയിലേക്ക് 14/11/2005 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 215/2005 ആയാണ് മുൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 15/11/2008ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 14/05/2013 ൽ അവസാനിച്ചു. ആകെ 898 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ